# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 315 | 30/11/2015 ൽ മറുപടിക്ക് |
|---|---|

### ബാർകോഴ കേസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ബാർകോഴ കേസിൽ തിരുവനന്തപുരത്തെ വിജിലൻസ് കോടതിയിൽ നിന്നുണ്ടായ വിധി എന്തായിരുന്നു ; വിധി പ്രസ്താവം വിശദമാക്കാമോ ; | (എ) | 29.10.2015 തീയതിയിലെ തിരുവനന്തപുരം വിജിലൻസ് കോടതിയിലെ ഉത്തരവിൽ ബാർ കോഴ കേസിൽ പുനരന്വേഷണം നടത്താനാണ് വിധി പ്രസ്താവിച്ചത്. |
| (ബി) | വിജിലൻസ് സമർപ്പിച്ച അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതി അംഗീകരിക്കുകയുണ്ടായോ ; | (ബി) | ഇല്ല. |
| (സി) | മുൻ ധനമന്ത്രി രണ്ട് തവണകളായി കോഴ വാങ്ങിയ ആക്ഷേപത്തിൽ, വിജിലൻസ് അന്വേഷണ സംഘത്തിന് തെളിവുകൾ ലഭിച്ചിട്ടുണ്ടായിരുന്നോ ; പ്രസ്തുത കേസിന്റെ ക്വിക് വെരിഫിക്കേഷനിൽ പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്ന് കണ്ട് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നോ ; | (സി) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ സത്യരാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് വിജിലൻസ് കേസ് അന്വേഷണം നടത്തിയത് (വി.സി.06/2014/എസ്.ഐ.യൂ I) കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് അഭികാമ്യമല്ല. |
| (ഡി) | വിധിയിൽ വിജിലൻസ് ഡയറക്ടറുടെ എന്തെല്ലാം നടപടികളെയാണ് കോടതി വിമർശിച്ചിരിക്കുന്നത് ; വിശദമാക്കുമോ ; | (ഡി) യും (ഇ) യും (എഫ്) ഉം (ജി) യും | വിജിലൻസ് ഡയറക്ടർക്ക് വിജിലൻസ് മാനുവലും, സി.ആർ.പി.സിയും നൽകിയ അധികാരങ്ങൾ അനുസരിച്ചിട്ടുള്ള നടപടി മാത്രമാണ് ടി കേസ് അന്വേഷണത്തിലും സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതി കേസിന്റെ അന്വേഷണത്തിൽ ഇടപെടാനുള്ള ഡയറക്ടറുടെ അധികാരം ശരി വച്ചിരിക്കുന്നു. ഉന്നത പോലീസ് ഉദ്യോഗസ്ഥനായ വിജിലൻസ് ഡയറക്ടർക്ക് തന്റെ കീഴിലുള്ള ഉദ്യോഗസ്ഥൻ സമർപ്പിക്കുന്ന അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് നിർദ്ദേശം നൽകാൻ അധികാരമില്ലെന്ന വിജിലൻസ് കോടതി വിധിയ്ക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്യുകയും വിജിലൻസ് ഡയറക്ടറുടെ നിലവിലുള്ള അധികാരം നിലനിർത്തി ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുള്ളതുമാണ്. കൂടാതെ കേസിന്റെ തുടരന്വേഷണം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിക്കൊണ്ടിരിക്കുകയാണ്. ധനമന്ത്രി രാജിവെച്ച് ഒഴിഞ്ഞുപോകേണ്ടതായി വന്ന കാര്യം വിജിലൻസ് പരിഗണിച്ചിട്ടില്ല. വിജിലൻസ് അന്വേഷണം സത്യസന്ധമായിട്ടു തന്നെയാണ് നടത്തി വരുന്നത്. |
| (ഇ) | അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് മറികടന്ന് ധനമന്ത്രിയെ കുറ്റവിമുക്തനാക്കിക്കൊണ്ട് വിജിലൻസ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിർദ്ദേശം കോടതിയുടെ വിമർശനം ഏറ്റുവാങ്ങുകയുണ്ടായോ ; | | |
| (എഫ്) | വിധിയെ തുടർന്ന് വിജിലൻസിന് സ്വീകരിക്കേണ്ടിവന്ന തുടർ നടപടികൾ വിശദമാക്കാമോ ; | | |
| (ജി) | ധനമന്ത്രി രാജിവെച്ച് ഒഴിഞ്ഞുപോകേണ്ടതായി വന്ന കാര്യം വിജിലൻസ് പരിഗണിച്ചിട്ടുണ്ടോ; ആരോപിതർ മന്ത്രിമാരാകുമ്പോൾ വിജിലൻസ് സത്യസന്ധമായ അന്വേഷണത്തിന് തയ്യാറാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിശോധിക്കുമോ ? | | |

സെക്ഷൻ ഓഫീസർ